"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/04/2021 ലെ 11(1), 17/05/2021 ലെ 9(1) നമ്പർ തീരുമാനങ്ങൾ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉത്തരവിന് അനുസൃതമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.419/2022/LSGD തിരുവനന്തപുരം, തീയതി, 23-02-2022

---

പരാമർശം:-

1. പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/04/2021 ലെ 11(1)-ാം നമ്പർ തീരുമാനം.
2. പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/05/2021 ലെ 9(1)-ാം നമ്പർ തീരുമാനം.
3. 04/10/2021 ലെ സ.ഉ.(സാധാ) നം.1896/2021/തസ്വഭവ

   ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള
4. ട്രൈബ്യൂണലിന്റെ പരാതി റഫറൻസ് നമ്പർ 8/2021 ലെ 01/02/2022 ലെ ഉത്തരവ്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിൽ ശ്രീ. കൃഷ്ണമൂർത്തി, ശ്രീ. ബിജുലാൽ എന്നിവരുടെ പാറകാറികൾക്ക് ലൈസൻസ് പുതുക്കി നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി റദ്ദ് ചെയ്യാൻ തീരുമാനിച്ച പരാമർശം (1) , (2) തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും സെക്ഷൻ 191(2) (1)-ാം ഉപവകുപ്പ് പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

എല്ലാവിധ അനുമതികളും നേടിയിട്ടുള്ള സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കാൻ ഭരണസമിതിക്ക് അധികാരമില്ലെന്നും ഭരണസമിതിയുടെ തീരുമാനങ്ങൾ അധികാരപരിധി മറികടക്കുന്നതാണെന്നും ആയതിനാൽ മേൽ പറഞ്ഞ ക്വാറികൾക്ക് ലൈസൻസ് പുതുക്കി നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനങ്ങൾ നിയമാനുസൃതവും നിലനിൽക്കുന്നതുമാണെന്ന് പരാമർശം (4) പ്രകാരം ബഹു. ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവിന് അനുസൃതമായി പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) , (2) തീരുമാനങ്ങൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

ഡെപ്യൂട്ടിസെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം.
3. പ്രസിഡന്റ്, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ.&പി.ആർ.വെബ്.ന്യൂ മീഡിയ
9. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർസി3/198/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 23-02-2022 10:47:50**
സെക്ഷൻ ഓഫീസർ